**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2450** **27-02-2023 - ൽ മറുപടിയ്ക്ക്**

**കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നോട്ട് നിരോധനത്തിന്റെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | നോട്ട് നിരോധനത്തിന്റെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>1)നോട്ട് നിരോധനത്തിന്റെ ആഘാതം കുറയ്ക്കുന്നതിനായി Virtual Banking Facility ഉപഭോക്താക്കൾക്കായി വിഭാവനം ചെയ്യുക വഴി, നേരിട്ട് ലോൺ അക്കൗണ്ടിലേക്ക് തുക മാറ്റം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്.<br><br>2) കെ.എഫ്.സി. യിലെ ഉപഭോക്താക്കൾക്ക് അനുവദിച്ച വായ്പയുടെ 20% വരെ അധിക വായ്പയായി അനുവദിച്ചിരുന്നു. 452 യൂണിറ്റുകൾക്കായി 27025.45 ലക്ഷം രൂപ ഇത്തരത്തിൽ അനുവദിച്ചിട്ടുണ്ട്.<br><br>3) വായ്പകൾക്ക് (Govt. bill discounting ഒഴികെയുള്ള) 6 മാസത്തെ തിരിച്ചടവ് മൊറൊട്ടോറിയം അനുവദിച്ചിരുന്നു.<br><br>4)31.03.2021 ൽ സ്റ്റാൻഡേർഡ് വിഭാഗത്തിൽ പെട്ട MSME യൂണിറ്റുകൾക്ക് വായ്പ പുന:ക്രമീകരിച്ച് നൽകിയിരുന്നു. |
| (ബി) | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ഉല്പാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശയ്ക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ? | (ബി) | കെ.എഫ്.സി. മുഖേന ഉൽപാദന സേവന മേഖലകളിൽ ജനങ്ങൾക്ക് കുറഞ്ഞ പലിശക്ക് കൂടുതൽ ലോണുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി (CMEDP) എന്ന പേരിൽ ഒരു പദ്ധതി നിലവിൽ ഉണ്ട്. CMEDP-1 സ്കീം പ്രകാരം 1847 യൂണിറ്റുകൾക്കായി 5380.19 |

| | | | |
|---|---|---|---|
| | | | ലക്ഷം രൂപ വായ്പയായി നൽകിയിട്ടുണ്ട്. ടി സ്കീമിന്റെ വായ്പപരിധി ഒരു കോടി രൂപയിൽ നിന്ന് 2 കോടി രൂപയായി വർദ്ധിപ്പിച്ച് CMEDP-II സ്കീമായി നവീകരിച്ചു. ടി സ്കീം പ്രകാരം 522 യൂണിറ്റുകൾക്കായി 34365.78 ലക്ഷം രൂപയും വായ്പയായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ